**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 855** **06-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടിക ജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.ഐ.കളിൽ ഇൻസ്ട്രക്ടർമാരായി വകുപ്പിലെ തന്നെ താഴ്ന്ന ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്ന ജീവനക്കാരെ യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐകളിൽ വകുപ്പിലെ തന്നെ താഴ്ന്ന ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്ന ജീവനക്കാരെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഇൻസ്ട്രക്ടർമാരായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നില്ല. എന്നാൽ സ്പെഷ്യൽ റൂൾ പ്രകാരം വകുപ്പിലെ ജീവനക്കാരിൽ നിന്നും യോഗ്യതയുടെ അടിസ്ഥാനത്തിൽ പി.എസ്.സി റിക്രൂട്ട്മെന്റ് മുഖേന ബൈട്രാൻസ്ഫർ നിയമനം നൽകുന്നുണ്ട്. |
| (ബി) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ വരുന്ന മോഡൽ റെസിഡൻഷ്യൽ (എം.ആർ.എസ്) സ്കൂളുകളിലും മറ്റ് അധ്യാപക യോഗ്യത വരുന്ന തസ്തികകളിലേക്കും യോഗ്യതയുടെ അടിസ്ഥാനത്തിൽ താഴ്ന്ന ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ ആയത് പരിഹരിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ വരുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ നിലവിൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരാണ് ജോലി ചെയ്തു വരുന്നത്. പട്ടികജാതി വികസന വകുപ്പിലെ സ്പെഷ്യൽ റൂൾ പ്രകാരം താഴ്ന്ന ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അദ്ധ്യാപക യോഗ്യത വരുന്ന തസ്തികകളിലേക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ നിലവിൽ സ്ഥാനക്കയറ്റം നൽകുവാൻ കഴിയില്ല. നഴ്സറി സ്കൂൾ ടീച്ചർ തസ്തികയിലേക്ക് "ആയ" തസ്തികയിൽനിന്നും യോഗ്യതയുടെ അടിസ്ഥാനത്തിൽ ബൈ ട്രാൻസ്ഫർ മുഖേന നിയമനം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ